ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 03.09.2026

TIME : 07.25 PM

## പ്രധാന വാർത്തകൾ

1. ബെൽജിയം പ്രധാനമന്ത്രിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി; അതിർത്തി കടന്നുള്ള ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് പൂർണ പിന്തുണ അറിയിച്ച് ബെൽജിയം.

   **Prime Minister Narendra Modi holds talk with the Prime Minister of Belgium in New Delhi. Belgium expressed its full support to India in the fight against cross-border terrorism.**

2. രാജ്യത്തിന്റെ പ്രതിരോധ നയതന്ത്രവുമായി ബന്ധപ്പെട്ട രൂപരേഖ ന്യൂഡൽഹിയിൽ പ്രകാശനം ചെയ്ത് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്.

   **Defence Minister Rajnath Singh today released the 'RAKSHA' document on Defence Diplomacy in New Delhi**

3. ഇന്ത്യയുടെ അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹം EOS-05 നാളെ വിക്ഷേപിക്കും; ശ്രീഹരിക്കോട്ടയിൽ നിന്ന് പുലർച്ചെ 2.55-നാണ് വിക്ഷേപണം.

   **India's advanced Earth observation satellite EOS-05 will be launched tomorrow. The launch is scheduled for 2:55 a.m. from Sriharikota.**

4. കേരളത്തിൽ സവാള വില കുതിച്ചുയരുന്ന പശ്ചാത്തലത്തിൽ 100 ടൺ സവാള ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചതായി മന്ത്രി ടി.സിദ്ദിഖ്.

Minister T. Siddique said that a decision has been taken to import 100 tonnes of onions in view of the sharp rise in onion prices in Kerala.

5. നിയമ വിദ്യാർത്ഥികളുടെ പെരുമാറ്റം നിയന്ത്രിക്കാൻ ബാർ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് നിയമപരമായ അധികാരമില്ലെന്ന് സുപ്രീം കോടതി.

   The Supreme Court has held that the Bar Council of India does not have the statutory authority to regulate the conduct of law students.

6. വനിതാ ടി–20 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഹോങ്കോങ്ങിനെ നേരിടും.

   In the Women's T20 Asia Cup cricket tournament, India will take on Hong Kong today.

## BELGIUM PM VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി, ബെൽജിയം പ്രധാനമന്ത്രി ബാർട്ട് ഡി വെവറുമായി ന്യൂഡൽഹിയിൽ ഇന്ന് കൂടിക്കാഴ്ച നടത്തി. ഭീകരവാദത്തെ നേരിടുന്നതിൽ സമഗ്ര സമീപനം സ്വീകരിക്കാൻ ഇന്ത്യയും ബെൽജിയവും പ്രതിജ്ഞാബദ്ധമാണെന്ന് ഇരുനേതാക്കളും വ്യക്തമാക്കി. ഒരുവിധ ഭീകരവാദത്തെയും ന്യായീകരിക്കാനാവില്ലെന്നും, ഇതിന് ഉത്തരവാദികളായവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരേണ്ടതുണ്ടെന്നും ഇരുവരും സംയുക്ത പ്രസ്താവനയിലൂടെ ആവശ്യപ്പെട്ടു. അതിർത്തി കടന്നുള്ള ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് ബെൽജിയം പൂർണ പിന്തുണയും പ്രഖ്യാപിച്ചു. യുക്രൈനിലും, പശ്ചിമേഷ്യയിലും സമാധാനം പുനസ്ഥാപിക്കണമെന്ന ആവശ്യവും നേതാക്കൾ മുന്നോട്ട് വച്ചു.

(ഹോൾഡ്)

അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥയായ ഇന്ത്യ, ലോകത്തെ പ്രധാന ശക്തികേന്ദ്രങ്ങളിൽ ഒന്നാണെന്ന് ബെൽജിയം പ്രധാനമന്ത്രി

പറഞ്ഞു. രാജ്യങ്ങൾക്കിടയിലെ ബന്ധം ശക്തിപ്പെടുത്താനുള്ള താത്പര്യവും അദ്ദേഹം പങ്കുവച്ചു. ഉഭയകക്ഷി വ്യാപാരം അടുത്ത അഞ്ച് വർഷത്തിനിടെ ഇരട്ടിയായി വർദ്ധിപ്പിക്കാനും ഇരു രാജ്യങ്ങൾക്കുമിടയിൽ ധാരണയായി. പ്രതിരോധ സഹകരണം, പുനരുപയോഗ ഊർജ്ജം, സൈബർ കുറ്റകൃത്യം തടയൽ തുടങ്ങിയ മേഖലകളിൽ ഇന്ത്യയും ബെൽജിയവും ധാരണാപത്രവും കൈമാറി.

❁❁❁❁❁❁❁❁❁❁❁❁❁

## RAJNATH – RAKSHA DOCUMENT

രാജ്യത്തിന്റെ പ്രതിരോധ നയതന്ത്രവുമായി ബന്ധപ്പെട്ട രേഖയായ 'രക്ഷ' ന്യൂഡൽഹിയിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് പുറത്തിറക്കി. ആഗോള പ്രതിരോധ പങ്കാളിത്തങ്ങൾക്കായി അടുത്ത പത്ത് വർഷത്തിനിടെ രാജ്യം സ്വീകരിക്കുന്ന തന്ത്രപരമായ രൂപരേഖയും കാഴ്ചപ്പാടും വിവരിക്കുന്നതാണ് സമഗ്രമായ ഈ രേഖ എന്ന് പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. സൗഹൃദ രാജ്യങ്ങളുമായി സംയുക്ത സൈനികാഭ്യാസങ്ങൾ, പരിശീലന പരിപാടികൾ, തദ്ദേശീയ പ്രതിരോധ ഉൽപ്പന്നങ്ങളുടെ കയറ്റുമതി തുടങ്ങിയവയെക്കുറിച്ച് രേഖയിൽ പ്രതിപാദിക്കുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## GOYAL FTA

നടപ്പു സാമ്പത്തിക വർഷത്തിലെ ആദ്യ പാദത്തിൽ രാജ്യം 7.8 ശതമാനം ജി.ഡി.പി വളർച്ച കൈവരിക്കുന്നതിൽ ചെറുകിട-ഇടത്തരം വ്യവസായ മേഖല വഹിച്ച നിർണായക പങ്കിനെ പ്രശംസിച്ച് കേന്ദ്ര വാണിജ്യ മന്ത്രി പീയൂഷ് ഗോയൽ. ആഗോള വിപണിയുടെ മൂന്നിൽ രണ്ടും കൈകാര്യം ചെയ്യുന്ന പ്രധാന കയറ്റുമതി രാജ്യമായി മാറാൻ, അടുത്തിടെ ഒപ്പുവെച്ച സ്വതന്ത്ര വ്യാപാര കരാറുകൾ, ഇന്ത്യയെ സഹായിക്കുമെന്ന് അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## UKRAINE-JAISHANKAR-SYBIHA

റഷ്യയും യുക്രൈനും തമ്മിലുള്ള യുദ്ധം അവസാനിപ്പിക്കണമെന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനത്തെ സ്വാഗതം ചെയ്ത് യുക്രൈൻ വിദേശകാര്യ മന്ത്രി ആൻഡ്രി സിബിഹ . നയതന്ത്ര ചർച്ചകൾക്ക് യുക്രൈൻ സന്നദ്ധമാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കറുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. റഷ്യൻ ആക്രമണത്തെത്തുടർന്ന് ഈ ആഴ്ച യുക്രേനിൽ ഒരു ഇന്ത്യൻ പൗരൻ കൊല്ലപ്പെട്ടതിനിടെയാണ് ശ്രീ ജയശങ്കറിന്റെ കീവ് സന്ദർശനം.

☸☸☸☸☸☸☸☸☸☸☸☸☸

## ISRO -SATELLITE

ഇന്ത്യയുടെ അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹമായ EOS-05 നാളെ വിക്ഷേപിക്കും. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് പുലർച്ചെ 2.55ന് GSLV– F17 റോക്കറ്റ് ഉപയോഗിച്ചാണ് വിക്ഷേപണം. ഭൂസ്ഥിര ഭ്രമണപഥത്തിൽ ഇന്ത്യ സ്ഥാപിക്കുന്ന ആദ്യത്തെ ഇമേജിങ് ഉപഗ്രഹമാണിത്.

☸☸☸☸☸☸☸☸☸☸☸☸☸

## BRICS- CHIEF JUSTICE FORUM

സുപ്രീം കോടതിയുടെ ആഭിമുഖ്യത്തിൽ 'ബ്രിക്സ് ചീഫ് ജസ്റ്റിസസ് ഫോറം' നാളെ ന്യൂഡൽഹിയിൽ ആരംഭിക്കും. ബ്രിക്സ് അംഗരാജ്യങ്ങളിൽ നിന്നും പങ്കാളിത്ത രാജ്യങ്ങളിൽ നിന്നുമുള്ള ചീഫ് ജസ്റ്റിസുമാർ ഫോറത്തിൽ പങ്കെടുക്കും. റഷ്യ, ചൈന, ഇറാൻ തുടങ്ങി വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളുമായി ചീഫ് ജസ്റ്റിസ് സൂര്യ കാന്ത് ചർച്ച നടത്തും. നീതിനിർവ്വഹണം, അന്താരാഷ്ട്ര

തർക്കപരിഹാരം, എന്നിവയുമായി ബന്ധപ്പെട്ട സമകാലിക വിഷയങ്ങളാണ് പരിപാടിയിൽ ചർച്ച ചെയ്യുക.

❁❁❁❁❁❁❁❁❁❁❁❁❁

## T.SIDDIQUE (INTRO)

കേരളത്തിൽ സവാള വില ക്രമാതീതമായി വർദ്ധിച്ചു വരുന്ന പശ്ചാത്തലത്തിൽ 100 ടൺ സവാള ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചതായി കൃഷി മന്ത്രി ടി. സിദ്ദിഖ്. 35 രൂപയായിരിക്കും കിലോക്ക് വില ഈടാക്കുക എന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഓണത്തിനു ശേഷവും പച്ചക്കറി വില ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ അവശ്യമായ പച്ചക്കറി എത്തിക്കാൻ ഉള്ള ഇടപെടൽ ഉണ്ടാകും. നാളികേര പുനരുജ്ജീവനത്തിനായി 500 കോടി രൂപയുടെ പദ്ധതി കേന്ദ്രത്തിൽ സമർപ്പിച്ചതായും, കോഴിക്കോട് കുറ്റ്യാടിയിൽ ആദ്യ നാളികേര വികസന പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചെന്നും ശ്രീ ടി സിദ്ദിഖ് പറഞ്ഞു.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## KSEB

കേരളത്തിൽ ഇന്നും വൈദ്യുതി നിയന്ത്രണത്തിന് സാധ്യതയെന്ന് കെ.എസ്.ഇ.ബി. വൈകിട്ട് 6.30 നും രാത്രി 12 മണിക്കുമിടയിലാണ് നിയന്ത്രണം.

ഇന്നലെയും സംസ്ഥാനത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## SC-BCI

നിയമവിദ്യാർത്ഥികളുടെ പെരുമാറ്റം നിയന്ത്രിക്കാൻ ബാർ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് നിയമപരമായ അധികാരമില്ലെന്ന് സുപ്രീം കോടതി. വിദ്യാർത്ഥികൾക്കെതിരെ നടപടിയെടുക്കേണ്ടത് അതത് വിദ്യാഭ്യാസ സ്ഥാപനങ്ങളാണെന്നും ചീഫ് ജസ്റ്റിസ് സൂര്യ കാന്ത് ഉൾപ്പെട്ട ബെഞ്ച് നിരീക്ഷിച്ചു.

ഹൈദരാബാദിലെ നാൽസർ സർവകലാശാലയിലെ ബിരുദദാന ചടങ്ങിൽ ചീഫ് ജസ്റ്റിസ് പങ്കെടുക്കുന്നതിനെതിരെ വിദ്യാർത്ഥികൾ നടത്തിയ പ്രതിഷേധത്തിൽ ബാർ കൗൺസിൽ സ്വീകരിച്ച നടപടികളുമായി ബന്ധപ്പെട്ടാണ് കോടതി ഇടപെടൽ.

☸☸☸☸☸☸☸☸☸☸☸☸☸

## FLOOD – PM

വാരാണസിയിലെ പ്രളയ സാഹചര്യം വിലയിരുത്തി പ്രധാനമന്ത്രി നരേന്ദ്രമോദി. ജില്ല ഭരണകൂടവുമായി സ്ഥിതിഗതികൾ ചർച്ച ചെയ്ത പ്രധാനമന്ത്രി ദുരിതാശ്വാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കണമെന്ന് നിർദ്ദേശിച്ചു. യു.പി മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ഫറൂഖാബാദ് ജില്ലയിലെ പ്രളയബാധിത മേഖലകളിൽ വ്യോമനിരീക്ഷണം നടത്തി. പട്ന ഉൾപ്പെടെ ബിഹാറിലെ വിവിധ മേഖലകളിൽ ഗംഗാനദിയിൽ ജലനിരപ്പ് ഉയർന്ന നിലയിൽ തുടരുകയാണ്. ഝാർഖണ്ഡിലും കനത്ത മഴയെ തുടർന്ന് വെള്ളപ്പൊക്ക ഭീഷണി നിലനിൽക്കുന്നു.

☸☸☸☸☸☸☸☸☸☸☸☸☸

## CRICKET-WOMENS ASIA CUP

വനിതാ ടി–20 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ രണ്ടാം ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യ ഇന്ന് ഹോങ്കോങ്ങിനെ നേരിടും. ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. ആദ്യ

മത്സരത്തിൽ തായ്‌ലൻഡിനെ തകർത്ത ഇന്ത്യക്ക് ഇന്നു വിജയിച്ചാൽ സെമി ഫൈനൽ ഉറപ്പാക്കാനാവും.

❁❁❁❁❁❁❁❁❁❁❁❁❁

## SPO-BADMINTON

ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൻ പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ ഇന്ത്യൻ താരം കിഡംബി ശ്രീകാന്ത്, കാനഡയുടെ വിക്ടർ ലായിയെ പരാജയപ്പെടുത്തി. നാളെ ഹോങ്കോങ്ങിന്റെ ലീ ചെയുക് യൂവിനെ ശ്രീകാന്ത് നേരിടും. പുരുഷ ഡബിൾസിൽ ഇന്ത്യയുടെ സാത്വിക്സായിരാജ് - ചിരാഗ് ഷെട്ടി സഖ്യം, ഫ്രഞ്ച് സഖ്യത്തെ പരാജയപ്പെടുത്തി ക്വാർട്ടറിൽ കടന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## CRUDE OIL

ആഗോള വിപണിയിൽ അസംസ്കൃത എണ്ണയ്ക്ക് ആറാഴ്ചയിലെ ഏറ്റവും ഉയർന്ന വില. ബ്രെന്റ് ക്രൂഡ് ഓയിൽ വില ബാരലിന് 97 ഡോളറിന് മുകളിലായി. ഇറാൻ-യുഎസ് സംഘർഷം എണ്ണ വിതരണത്തെ ബാധിച്ചേക്കുമെന്ന ആശങ്കയാണ് വില ഉയരാൻ കാരണം. രാജ്യത്തെ ഓഹരിവിപണികൾ തുടർച്ചയായ നാലാം ദിവസവും ഇടിഞ്ഞു . സെൻസെക്സ് 417 പോയിൻറും നിഫ്റ്റി 41 പോയിൻറും നഷ്ടത്തിലാണ് വ്യാപാരം അവസാനിപ്പിച്ചത്. സ്വർണവില വർധിച്ചു. പവന് 2440 രൂപ വർധിച്ച് ഒരു ലക്ഷത്തി 13 ആയിരത്തി 920 രൂപയും ഗ്രാമിന് 14 ആയിരത്തി 240 രൂപയുമാണ് ഇന്നത്തെ വില.

❁❁❁❁❁❁❁❁❁❁❁❁❁

## VAISHNAW-RAILWAYS

റെയിൽവേ സിഗ്നലിംഗ് സംവിധാനം മെച്ചപ്പെടുത്തുന്നതിനും ഓട്ടോമാറ്റിക് ഡോർ സൗകര്യമുള്ള പുതിയ തലമുറ സബർബൻ ട്രെയിനുകൾ അവതരിപ്പിക്കുന്നതിനുമുള്ള ശ്രമത്തിലാണ് ഇന്ത്യൻ റയിൽവേ എന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. മുംബൈ മുതൽ സിന്ധുദുർഗ് വരെയുള്ള എക്സ്പ്രസ് ട്രെയിനിന്റെ ഫ്ലാഗ് ഓഫ് ഓൺലൈനായി നിർവഹിക്കുകയായിരുന്നു അദ്ദേഹം.

## JOSHI-EDU MEET

ഭാരത് ഇന്നൊവേറ്റ്സ് സംരംഭത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രഹ്ലാദ് ജോഷി ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. ഡീപ്-ടെക് ഇന്നൊവേഷൻ സംവിധാനത്തെ ആഗോളതലത്തിൽ പ്രദർശിപ്പിക്കുന്നതിനും സഹകരണത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടുള്ളതാണ് ഈ സംരംഭമെന്ന് മന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. വിദ്യാഭ്യാസ മേഖലയിൽ രാജ്യത്തെ ആഗോള ഇന്നൊവേഷൻ ഹബ്ബായി ഉയർത്തുകയെന്ന കാഴ്ചപ്പാടാണ് ഇതിനു പിന്നിലെന്നും അദ്ദേഹം പറഞ്ഞു.

## ELECTION

സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിന് ഇന്ന് വിജ്ഞാപനമായി. ഈ മാസം 28 ന് രാവിലെ ഏഴു മുതൽ വൈകിട്ട് ആറുമണി വരെയാണ് വോട്ടെടുപ്പ്. 29 നാണ് വോട്ടെണ്ണൽ.

## MESSI

പ്രശസ്ത ഫുട്ബോൾ താരം മെസ്സിയെ കേരളത്തിൽ എത്തിക്കുന്നതുമായി ബന്ധപ്പെട്ട വിവാദത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ. അന്വേഷണത്തിന് ADGP പി.വിജയൻ നേതൃത്വം നൽകും.